സർക്കാർ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തണമെന്ന ആവശ്യത്തിൻമേൽ എത്രയും വേഗം തീരുമാനം കൈക്കൊള്ളാമെന്നും തീരുമാനിച്ചു.

(ഡി, ഇ) 27-4-2004-ലെ ചർച്ചയെ തുടർന്ന് 11-1-2005-ൽ ചേർന്ന കേരഫെഡ് ഡയറക്ടർ ബോർഡ് യോഗം മേൽപ്പറഞ്ഞ മൊത്തം ജീവനക്കാരെ മൂന്ന് ഘട്ടമായി സ്ഥിരപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി ഒന്നാം ഘട്ടമായി 35 പേരെ ഗവൺമെൻറിന്റെ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഗവൺമെൻറ് പരിഗണിച്ചു വരുന്നു.

കേരള ലാൻറ് ഡവലപ്മെൻറ് കോർപ്പറേഷനിൽ എംപ്ലോയ്മെൻറ് നിയമനം

139 [2129] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള കേരള ലാൻറ് ഡവലപ്മെൻറ് കോർപ്പറേഷനിൽ ഓവർസിയർ, ഡ്രൈവർ, പ്യൂൺ, കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാർ ഇപ്രകാരം ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഇവരെ പിരിച്ചുവിട്ട് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴത്തെ പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ ഒരു ഓവർസീയറേയും, 5 ഡ്രൈവർമാരേയും 2 ലാസ്കർ/ഹെൽപ്പർമാരെയും ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പദ്ധതികൾ

140 [2130] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ ആർ. ഐ. ഡി. എഫ്. VII-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പദ്ധതികൾ ഏതൊക്കെയെന്നും എവിടെയൊക്കെ എന്നും വ്യക്തമാക്കുമോ;

(ബി) ഒരോന്നിനും അനുവദിച്ച തുക എത്ര;

(സി) ഇവയിൽ ഏതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചു; ഇവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്ര വീതം എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly